പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2258 | 11.06.2018 -ൽ മറുപടിക്ക്

**കേന്ദ്ര സർക്കാർ വെട്ടിക്കുറച്ച റേഷൻ വിഹിതം**

| ചോദ്യം<br>**ശ്രീ.വി. അബ്ദുറഹിമാൻ** | | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) സംസ്ഥാനത്ത് അഗതിമന്ദിരങ്ങൾക്കും അനാഥാലയങ്ങൾക്കും കാലങ്ങളായി ലഭിച്ചിരുന്ന റേഷൻ വിഹിതം കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചിരിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | 2017-2018 സാമ്പത്തിക വർഷത്തെ രണ്ടാം പാദം മുതൽ സംസ്ഥാനത്തെ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള റേഷൻ വിഹിതം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്നില്ല. |
| (ബി) ഇത്തരത്തിൽ കേന്ദ്ര സർക്കാർ വെട്ടിക്കുറച്ച റേഷൻ വിഹിതം പുനസ്ഥാപിക്കാൻ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;<br>(സി) സംസ്ഥാനത്ത് അഗതി മന്ദിരങ്ങൾക്കും മറ്റ് അനാഥാലയങ്ങൾക്കും ലഭിക്കേണ്ട അർഹതപ്പെട്ട റേഷൻവിഹിതം പുനസ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | (ബി) & (സി) | സംസ്ഥാനത്തെ മുഴുവൻ അഗതി മന്ദിരങ്ങളുടേയും അനാഥാലയങ്ങളുടേയും എസ്.സി/ എസ്.റ്റി. ഒ.ബി.സി ഹോസ്റ്റലുകളുടേയും വിശദാംശം, സംസ്ഥാനത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ അളവ് എന്നിവ അടങ്ങിയ വിശദമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് നല്കിയിട്ടുണ്ട്. നിലവിലെ സ്കീം പരിഷ്കരിച്ച് അടുത്ത മാസം മുതൽ പുതിയ സ്കീം കേന്ദ്ര സർക്കാർ ആവിഷ്കരിക്കും എന്നാണ് അനുമാനിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**